(ബി) സെറിഫെഡിന്റെ ജീവനക്കാർക്ക് കഴിഞ്ഞ കുറെ മാസക്കാലമായി ശമ്പളം നൽകാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) കേന്ദ്ര സിൽക് ബോർഡിന്റെ നിലപാടുമൂലം സെറിഫെഡിന്റെ പ്രവർത്തനം മന്ദഗതിയിലായിട്ടില്ല.

(ബി) ഉണ്ട്.

(സി) സെറിഫെഡിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് 3-6-2003-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 554/2003/വ്യവസായ പ്രകാരം 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സ്റ്റാമ്പ് ഡ്യൂട്ടി രജിസ്ട്രേഷൻ ഫീസ് എന്നിവ പുതുക്കുന്നതിനുള്ള മാനദണ്ഡം

25 (*175) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസുകൾ എന്നിവ കുറയ്ക്കുവാൻ തീരുമാനിച്ചിരുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പൊതുജനാഭിപ്രായം ആരായൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസുകൾ എന്നിവ പുതുക്കി നിശ്ചയിക്കുന്നതിന് എന്തു മാനദണ്ഡമാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ-സി) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, സർച്ചാർജ്ജ് എന്നിവ കുറയ്ക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

26 (*176) ശ്രീ. സാജു പോൾ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ശുചിത്വകേരളം പദ്ധതി പ്രഖ്യാപിച്ചതിനുശേഷം എന്തെല്ലാം പരിപാടികളാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളതെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly